# മിസ്ബാഹ് ദേശീയ ഖുർആൻ വിജ്ഞാന പരീക്ഷ

**ശാഖ കൺവീനർക്കുള്ള നിർദ്ദേശങ്ങൾ**

പ്രിയപ്പെട്ട സഹോദരാ, السلام عليكم

ശാഖയിലെ റെജിസ്ട്രേഷനും മറ്റു പ്രവർത്തനങ്ങളും ഭംഗിയാക്കിയതിൽ അഭിനന്ദനം അറിയിക്കുകയാണ്. സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള പ്രവർത്തനങ്ങൾ സമയത്ത് നടന്നാലേ നാം പ്രവർത്തിച്ചതിന്റെ ഗുണം ലഭിക്കൂ. താഴെ നൽകിയിട്ടുള്ള ചെറിയ നിർദേശങ്ങൾ കൂടി പാലിച്ചാൽ ഈ വർഷംപരാതികളില്ലാതെ പരീക്ഷയുടെ എല്ലാ ഭാഗവും പൂർത്തിയാക്കാം.

**പരീക്ഷക്ക് മുമ്പ്**

- പരീക്ഷാ ഹാളിൽ ആവശ്യമായ സൗകര്യങ്ങൾ ഉറപ്പു വരുത്തുക.
- പരീക്ഷാ കിറ്റിൽ നൽകിയിട്ടുള്ള സെന്ററിന്റെ പേര് പരീക്ഷാ ഹാളിന്റെ പുറത്ത് പരീക്ഷാർഥികൾക്ക് കാണാവുന്ന വിധം പതിക്കുക.
- കവർ പൊട്ടിക്കുന്നതിനുള്ള ബ്ലേഡ്, OMR കവർ ഒട്ടിക്കാനുള്ള പശ എന്നിവ വാങ്ങി പരീക്ഷാ ഹാളിൽ എത്തിക്കുക. ഒരു Scale കൂടി കരുതുന്നത് നന്നാവും.
- ഇൻവിജിലേറ്റർക്കുള്ള നിർദേശം ഇൻവിജിലേറ്റർക്ക് നേരത്തെ പ്രിന്റ് ചെയ്ത് നൽകുക.

**പരീക്ഷാ ഹാളിൽ:** ഏതെങ്കിലും കാരണവശാൽ ഓൺലൈൻ റെജിസ്ട്രഷൻ ചെയ്യാത്തവർക്ക് **സ്പോട്ട് റെജിസ്ട്രേഷന് സൗകര്യം ഉണ്ടായിരിക്കും. ഇതിനായി കൺവീനർ അക്കൗണ്ടിൽ നിന്ന് റെജിസ്റ്റർ ചെയ്യുകയും** FEE PAID **എന്ന് രേഖപ്പെടുത്തുകയു** ചെയ്താൽ അപ്പോൾ തന്നെ അവരുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**പരീക്ഷ കഴിഞ്ഞ ഉടനെ**

- പരീക്ഷാ ദിവസം തന്നെ മണ്ഡലം കേന്ദ്രങ്ങളിലോ ജില്ലാ കേന്ദ്രങ്ങളിലോ OMR ഇട്ട കവർ എത്തിക്കുക.
- കവർ എത്തിച്ച ശേഷം 7034190004 ലേക്ക് SMS അയക്കുക. (WhatsApp അല്ല. ഇത് കമ്പ്യൂട്ടറൈസ്ഡ് സംവിധാനമാണ്) താഴെ നൽകിയ രൂപത്തിലാണ് അത് അയക്കേണ്ടത്.
- ഒ എം ആർ ഷീറ്റുകൾ തിരിച്ചേൽപിക്കുമ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന റെസീപ്റ്റ് നമ്പർ, പേര്, നമ്പർ എന്നിവ 7034190004ലേക്ക് മെസ്സേജ് അയക്കുക.

അയക്കേണ്ട രൂപം: ME17,ReceiptNo,Name,Number

ഉദാഹരണം: ME17,Z3526,Jaleel,9526122211

**ജൂൺ 15**

- സംസ്ഥാന സമിതി ഓഫീസിൽ എത്തിക്കഴിഞ്ഞാൽ നിങ്ങൾ നൽകിയിരിക്കുന്ന നമ്പറിലേക്ക് SMS വഴി Delivery Report ലഭിക്കുന്നതാണ്.
- ജൂൺ 15ന് മൂല്യ നിർണയം ആരംഭിക്കും. അതിനു മുമ്പ് മെസ്സേജ് ലഭിച്ചിട്ടില്ലെങ്കിൽ നിങ്ങൾ ഉത്തരക്കടലാസ് ഏൽപിച്ചവരെ ബന്ധപ്പെടേണ്ടതാണ്.
- ഒരു ശാഖയിലെയോ, മണ്ഡലത്തിലെയോ ജില്ലയിലെയോ ഉത്തരപേപ്പർ വൈകിയതിന്റെ പേരിൽ മൂല്യ നിർണയം, റിസൾട്ടുകൾ എന്നിവ വൈകിപ്പിക്കാനാവില്ല. അതിന്റെ ഉത്തരവാദിത്തം അതാത് ഘടകങ്ങൾക്ക് മാത്രമായിരിക്കും.

**ജൂലയ് 5ന് ശേഷം**

- റിസൾട്ടുകൾ പ്രഖ്യാപിക്കുന്ന ദിവസം നിങ്ങളുടെ മൊബൈൽ നമ്പറിലേക്കും മെസേജ് വരുന്നതാണ്. പ്രായമായവർ, മൊബൈൽ ഉപയോഗിക്കാത്തവർ എന്നിവരെ റിസൾട്ട് അറിയിക്കാനുള്ള സംവിധാനം ചെയ്യുക.
- സംസ്ഥാന സമിതി നിർദേശിക്കുന്ന ദിവസം ശാഖയിൽ സർട്ടിഫിക്കറ്റ് വിതരണവും അനുബന്ധമായി പരിപാടിയും സംഘടിപ്പിക്കുക. അതിനു വേണ്ട സ്ഥലം ഇപ്പോഴേ കണ്ടെത്തുക. അന്ന് മറ്റുഘടകങ്ങളുടെ പരിപാടികൾ ശാഖയിൽ നടക്കരുത്.
- പരിപാടിയുടെ രൂപം സർക്കുലർ വഴി അറിയുന്നതാണ്.
- ഒന്നിലധികം ശാഖകൾ ഒരു സെന്ററിലാണ് പരീക്ഷ എഴുതിയതെങ്കിൽ, സെന്റർ ഇല്ലാത്ത ശാഖയിൽ പരിപാടി നടത്താൻ ശ്രദ്ധിക്കുക. അടുത്ത വർഷം ആ സ്ഥലത്ത് കൂടി പുതിയ സെന്റർ വരാനാണ് ഈ നിർദേശം